# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.788 11.07.2016 ൽ മറുപടിയ്ക്ക്

## ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ബാബു | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റെയിൽവേ ലൈൻ കടന്നു പോകുന്ന സംസ്ഥാനത്തെ പ്രധാന റോഡുകളിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നിലവിൽ നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) സംസ്ഥാനത്ത് 26 ROB കളുടെ പ്രവൃത്തികൾ നടന്നുവരുന്നതിൽ 15 എണ്ണം RBDCK യും 5 എണ്ണം PWD-NH വിഭാഗവും 4 എണ്ണം PWD റോഡുകളും പാലങ്ങളും വിഭാഗവും 2 എണ്ണം KSTP യും ചെയ്തുവരുന്നു. RBDCK ഏറ്റെടുത്ത് നടത്തുന്ന 15 ROB കളിൽ 5 എണ്ണം ഈ വർഷവും ഒരെണ്ണം അടുത്ത വർഷവും ഒരെണ്ണം 2018 ലും പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. RBDCK നടത്തുന്ന ROB കളിൽ 4 എണ്ണത്തിന് ഇനിയും ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ശേഷിച്ചവയുടെ പ്രവൃത്തികൾ നടന്നുവരുന്നു. KSTP യുടെ രണ്ട് പ്രവൃത്തികളും പുരോഗമിച്ചു വരുന്നു. ദേശീയപാതാ വിഭാഗത്തിന്റെ കീഴിലുള്ള 5 പ്രവൃത്തികളിലും DPR പൂർത്തീകരിച്ചിട്ടില്ല . R&B യുടെ കീഴിലുള്ള 4 ൽ 2 എണ്ണത്തിന്റെ പ്രവൃത്തി തുടങ്ങി. 2 എണ്ണത്തിന്റെ DPR തയ്യാറാക്കൽ പൂർത്തിയായി വരുന്നു. |
| (ബി) ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണ-ച്ചുമതല ആർക്കാണെന്നും, ഇതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്ന-താരാണെന്നും വിശദമാക്കാമോ; | (ബി) വിവിധ റയിൽവേ ഗേറ്റുകളിൽ മേൽപ്പാലം നിർമ്മിക്കുന്നത് പ്രധാനമായും ആർ.ബി.ഡി.-സി.കെ. യാണ്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ റോഡ്സ് വിഭാഗം, നാഷണൽ ഹൈവേ വിഭാഗം, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ് വിഭാഗം, കേരള റോഡ് ഫണ്ട് ബോർഡ് മുതലായ വിഭാഗങ്ങളും ചില മേൽപ്പാലങ്ങളുടെ നിർമ്മാണം നടത്താറുണ്ട്. മേൽപ്പാലത്തിന്റെ നിർമ്മാണ-ത്തിനുള്ള ഫണ്ട് കേരള സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയും റോഡ് സെസ്സിൽ നിന്നും |

ബോർഡിനും അനുവദിക്കാറുണ്ട്. കൂടാതെ റയിൽവേയുടെ ബഡ്ജറ്റിൽ തുക വകയിരുത്തുന്ന മേൽപ്പാലങ്ങളുടെ നിർമ്മാണം ഇന്ത്യൻ റെയിൽവേയും കേരള സർക്കാരും സംയുക്തമായി നിർവ്വഹിക്കുന്നു.

(സി) നെന്മാറ നിയോജക മണ്ഡത്തിലെ പാലക്കാട്-കൊല്ലങ്കോട് റോഡിലെ ഊട്ടറയിൽ അടിയന്തരമായി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(സി) നെന്മാറ നിയോജകമണ്ഡലത്തിൽ പാലക്കാട്-കൊല്ലങ്കോട് റോഡിലെ ഊട്ടറയിൽ റെയിൽവേ ഓവർബ്രിഡ്ജിനുവേണ്ടി ഇൻവെസ്റ്റിഗേഷനുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻവെസ്റ്റി ഗേഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

സെക്ഷൻ ഓഫീസർ